(1)	(2)	(3)	(4)
മലപ്പുറം	951.92	408.06	841.68
കോഴിക്കോട്	57.50	121.16	1006.67
വയനാട്	185.61	15.41	163.54
കണ്ണൂർ	43.00	34.50	276.52
കാസർഗോഡ്	172.75	35.50	520.84

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

വൻകിട ശുദ്ധജല വിതരണ പദ്ധതികൾ

210 (918) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ ജിക്ക ധനസഹായത്തോടെ 5 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തതിൽ ചേർത്തല പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്തു. ബാക്കിയുള്ള നാല് പദ്ധതികളായ തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം എന്നിവയുടെ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇതിൽ തിരുവനന്തപുര, മീനാട് എന്നീ പദ്ധതികളിൽ ഭാഗികമായി ജലവിതരണം നടത്തിവരുന്നു. മേൽപ്പറഞ്ഞ നാല് പദ്ധതികൾ പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ വേണ്ടി വിവിധ തലങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ വൻകിട പദ്ധതികൾക്ക് പുറമേ കേന്ദ്ര ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ധനസഹായത്തോടെ നടപ്പിലാക്കുന്ന 190 പദ്ധതികളും നബാർഡിന്റെ ധനനസഹായത്തോടെ നടപ്പിലാക്കുന്ന 32 പദ്ധതികളും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കൊച്ചി നഗരത്തിനും സമീപ പഞ്ചായത്തുകൾക്കുമായിട്ടുള്ള വിപുലീകരണ പദ്ധതിയും കൊല്ലം ശുദ്ധജലവിതരണ പദ്ധതിക്കായി കല്ലടയാറ്റിൽ കടപുഴ നിന്നും ജലം ലഭ്യമാക്കുന്ന പദ്ധതിയും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. എല്ലാ വൻകിട പദ്ധതികളും വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ 'പാസ്ക്' (പി.എ.എസ്.കെ.) സംവിധാനത്തിലും വീഡിയോ കോൺഫറൻസ് വഴിയും അവലോകനം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, നബാർഡ്, ജിക്ക, ജെ.എൻ.എൻ.യു.ആർ.എം, യു.ഐ.ഡി.എസ്.എസ്.എം.ടി. എന്നിവയാണ് വിവിധ വൻകിട ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാൻ സഹകരിക്കുന്നത്.

(സി) കടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത വേനൽക്കാലങ്ങളിൽ പല സ്ഥലങ്ങളിലും കറയുന്നുണ്ട്. അങ്ങനെയുള്ള സ്രോതസ്സുകളിൽ താത്കാലിക/ സ്ഥിര തടയണകൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ഇതുമൂലം ഒരു പരിധിവരെ കടിവെള്ള ലഭ്യത സാധ്യമാകുന്നുണ്ട്.

നദികളും പുഴകളും പാട്ടത്തിന് നൽകുന്നത്

211 (919) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നദികളും പുഴകളും പാട്ടത്തിന് നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടുവം ജപ്പാൻ കടിവെള്ള പദ്ധതി

212 (920) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-8-2014-ന് 69.32 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പട്ടുവം ജപ്പാൻ കടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly